സി.എസ്. ചന്ദ്രിക എന്നിവർ പങ്കെടുത്തു.



ജില്ലാ സഹോദയ ശാസ്ത്രമേള ആർ.കെ. മലയത്ത് ഉദ്ഘാടനം ചെയ്യുന്നു

## ജില്ലാ സഹോദയ ശാസ്ത്രമേള

**മാനന്തവാടി:** ജില്ലാ സഹോദയ ശാസ്ത്രമേള മാനന്തവാടി അമൃത വിദ്യാലയത്തിൽ മനഃശാസ്ത്രജ്ഞനും മജീഷ്യനുമായ ആർ.കെ. മലയത്ത് ഉദ്ഘാടനം ചെയ്തു. മാനന്തവാടി ഹിൽബ്ലൂംസ് സ്കൂൾ പ്രിൻസിപ്പൽ സീറ്റാ ജോസ് അധ്യക്ഷത വഹിച്ചു.

അമൃതവിദ്യാലയം പ്രിൻസിപ്പൽ ശാലിനി, മാനന്തവാടി സാൻജോ ഇംഗ്ലീഷ് സ്കൂൾ പ്രിൻസിപ്പൽ സിസ്റ്റർ അർച്ചന, മീനങ്ങാടി ആൻസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ പ്രിൻസിപ്പൽ ബീന ആർ. തോമസ്, അമൃതവിദ്യാലയം വൈസ് പ്രിൻസിപ്പൽ എം. ഭാഗ്യലത എന്നിവർ സംസാരിച്ചു. ശാസ്ത്രസാമൂഹിക ഗണിത പ്രവൃത്തി പരിചയമേളയിൽ ജില്ലയിലെ വിവിധ സി.ബി.എസ്.ഇ. സഹോദയ വിദ്യാലയങ്ങളിൽ നിന്നുള്ള ശാസ്ത്രപ്രതിഭകൾ പങ്കെടുത്തു.